**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3042** **18-03-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിലെ ബില്ലിംഗ് സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം വാട്ടർ അതോറിറ്റിയുടെ ഗാർഹിക ഉപഭോക്താക്കൾക്കുള്ള ബില്ലിംഗ് സമ്പ്രദായത്തിലോ രീതിയിലോ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ബില്ലുകൾ നൽകുന്ന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. . 2022 ആഗസ്റ്റ് 15 ഓടെ സംസ്ഥാനം സമ്പൂർണ്ണ ഡിജിറ്റൽ ആകുമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ സേവനങ്ങളും ഡിജിറ്റൽ ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫെബ്രുവരി 2022 മുതൽ ബില്ലുകൾSMS മുഖേന ഉപഭോക്താക്കളുടെ രജിസ്റ്റേർഡ് മൊബൈൽ നംമ്പറുകളിൽ നൽകി വരുന്നു. എന്നാൽ പേപ്പർ ബില്ലുകൾ /രസീതുകൾ വേണമെന്നുള്ളവർക്ക് അവ നൽകുന്നുണ്ട്. |
| (ബി) | ബിൽ ലഭ്യമാക്കാതെ ദ്വൈമാസ ബില്ലുകൾ അടച്ചില്ലെന്ന കാരണത്താൽ പലിശ ഈടാക്കിയും മുൻ ജല ഉപയോഗം വർദ്ധിച്ച സ്ലാബിൽപ്പെടുത്തിയും ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന നിലവിലെ സാഹചര്യം മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | നിലവിൽ SMS മുഖേന ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകി വരുന്നു. ലോക്ക് ഡൗൺ പോലുള്ള കാരണത്താൽ ബില്ല് ലഭ്യമാക്കാതെ ദ്വൈമാസ ബില്ലുകൾ അടച്ചില്ലായെന്ന കാരണത്താൽ പലിശ ചുമത്തുകയും മുൻ ജല ഉപഭോഗം കണക്കാക്കി ബില്ലുകൾ നൽകി എന്നത് സംബന്ധിച്ച പരാതികൾ ലഭ്യമാകുന്നമുറയ്ക്ക് അവ പരിശോധിച്ച് നിയമാനുസൃതമായ കുറവുകൾ വരുത്തി പരാതികൾ പരിഹരിക്കുന്നുണ്ട്. നിലവിൽ വാട്ടർ ചാർജ് കണക്കാക്കുന്നത് അബാക്കസ് എന്ന സോഫ്റ്റ് വെയറിൽ റീഡിങ് എടുത്തു പോസ്റ്റ് ചെയ്താണ്. എന്നാൽ എന്തെങ്കിലും കാരണത്താൽ റീഡിങ് എടുക്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ ബില്ല് നൽകാതെ സിസ്റ്റത്തിൽ പലിശ കണക്കാക്കിയാൽ ഇക്കാര്യം ശ്രദ്ധയിൽപെടുന്ന മുറയ്ക്ക് പലിശ ഒഴിവാക്കി കൊടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ